Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - അസിസ്റ്റന്റ് ഡയറക്ടർമാരെയും ഡെപ്യൂട്ടി ഡയറക്ടർമാരെയും സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (ഭരണം - സി) വകുപ്പ്**

**സ.ഉ.(സാധാ)നം.5448/13/ധന. തീയതി, തിരുവനന്തപുരം, 29/06/2013**

പരാമർശം:- 1.അനൗദ്യോഗിക ഫയൽ നമ്പർ 2086/ദേ.സ.പ/2013/ധന
2. സ.ഉ.(സാധാ)നമ്പർ 1457/2013/ത.സ്വ.ഭ.വ തിയതി, 05/06/2013.

**ഉത്തരവ്**

പരാമർശം-2 ലെ സർക്കാർ ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കബീർ.ബി.ഹാറൂണിനെ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ സ്പെഷ്യൽ ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം-1 ലെ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറുടെ ശുപാർശ പ്രകാരം താഴെപ്പറയുന്ന ദേശീയ സമ്പാദ്യ പദ്ധതി അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

2) ദേശീയ സമ്പാദ്യ പദ്ധതി എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കബീർ.ബി.ഹാറൂൺ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ സ്പെഷ്യൽ ഓഫീസറായി പ്രവേശിക്കുന്ന ഒഴിവിൽ ദേശീയ സമ്പാദ്യ പദ്ധതി ഇടുക്കി/കോട്ടയം ജില്ല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.സി.എസ്.ശ്രീകുമാറിനെ ദേശീയ സമ്പാദ്യ പദ്ധതി എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല നൽകി മാറ്റിനിയമിക്കുകയും ഇടുക്കി ജില്ല അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല തുടരാൻ അനുവദിക്കുകയും ചെയ്യുന്നു.

3) വയനാട് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക തിരികെ കണ്ണൂരിലേക്ക് മാറ്റുകയും പ്രസ്തുത തസ്തികയിൽ ദേശീയ സമ്പാദ്യ പദ്ധതി കോഴിക്കോട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.മുഹമ്മദ് അഷ്റഫ് മാത്തിലിനെ കണ്ണൂർ ജില്ല ഡെപ്യൂട്ടി ഡയറക്ടർ ആയി മാറ്റിനിയമിക്കുകയും കാസർഗോഡ് ജില്ല അസിസ്റ്റന്റ് ഡയറക്ടറുടെ അധിക ചുമതല നൽകുകയും ചെയ്യുന്നു.

(മറുപുറം)

4) ശ്രീ.മുഹമ്മദ് അഫ്സൽ മഠത്തിലിന് കണ്ണൂരിലേക്ക് സ്ഥലം മാറ്റം നൽകുന്നതു മൂലം ദേശീയ സമ്പാദ്യ പദ്ധതി കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിലേക്ക് വയനാട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.മരയ്ക്കാറെ സ്ഥലംമാറ്റം നൽകി നിയമിക്കുകയും വയനാട് ജില്ല അസിസ്റ്റന്റ് ഡയറക്ടറുടെ അധിക ചുമതല നൽകുകയും ചെയ്യുന്നു.

5)ദേശീയ സമ്പാദ്യ പദ്ധതി കോഴിക്കോട് ജില്ല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.പി.കെ.അൻസാരിയെ പത്തനംതിട്ട ജില്ല അസിസ്റ്റന്റ് ഡയറക്ടറുടെ നിലവിലുള്ള ഒഴിവിലേക്ക് മാറ്റി നിയമിക്കുകയും ടി ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല നൽകുകയും ചെയ്യുന്നു.

6)ദേശീയ സമ്പാദ്യ പദ്ധതി തൃശ്ശൂർ ജില്ല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.കെ.വി.രാമകൃഷ്ണനെ കോട്ടയം ജില്ല അസിസ്റ്റന്റ് ഡയറക്ടറായി മാറ്റി നിയമിക്കുന്നതോടൊപ്പം ടി ജില്ലയുടെ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതലയും നൽകുന്നു.

7)ദേശീയ സമ്പാദ്യ പദ്ധതി ഹെഡ്ക്വാർട്ടേഴ്സിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.പി.കെ. എലിസബത്തിന് ശ്രീ.കബീർ.ബി.ഹാറൂൺ വഹിച്ചിരുന്ന ട്രെയിനിംഗ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ജയ് മേരി ജോൺ**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം.
4. ജില്ലാ കളക്ടർമാർക്ക് :- തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്
5. ജില്ലാ ട്രഷറി ഓഫീസർമാർക്ക് :- തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്
6. ബന്ധപ്പെട്ട ഓഫീസർമാർക്ക്
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ